# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 446
# 04/02/2020 ലെ മറുപടിക്ക്

## ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിങ്ങ്സ്

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ഏത് സാമ്പത്തിക വർഷം മുതലാണ് എം.എൽ.എ.ആസ്തി വികസന ഫണ്ടിന് ടെണ്ടർ സേവിങ്ങ്സ് അനുവദിച്ച് ഉത്തരവ് ഇറങ്ങിയത് എന്ന് വ്യക്തമാക്കാമോ; | 2017-18 സാമ്പത്തിക വർഷം മുതലാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിച്ച് തുടങ്ങിയത്. 04/08/2018 ലെ സ.ഉ(പി)നം.119/2018/ധന ഉത്തരവിന്റെ ഖണ്ഡികകൾ 2.7 മുതൽ 2.10 വരെയുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായാണ് ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നത്. ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടേയും ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. പ്രവർത്തികൾക്ക് ഭരണാനുമതി നൽകുന്നത് അതത് ജില്ലാകളക്ടർമാരാണെങ്കിലും അവ നടപ്പിലാക്കുന്നത് വിവിധ എഞ്ചിനീയറിംഗ് വിഭാഗങ്ങൾ/അക്രഡിറ്റഡ് ഏജൻസികൾ മുഖേനയാണ്. ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ തുടങ്ങിയ വിവിധ ഘട്ടങ്ങൾ പിന്നിട്ട് പ്രവർത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഒരു എം.എൽ.എ ഒരു സാമ്പത്തിക വർഷം ശിപാർശ ചെയ്ത മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത വർഷത്തെ ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അപ്രകാരം ടെണ്ടർ സേവിംഗ്സ് നിർണ്ണയിച്ച് കഴിഞ്ഞതിനുശേഷമേ പ്രസ്തുത വിവരം എം.എൽ.എ മാരെ അറിയിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | |
| (സി) | ഇതിന്റെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽ എം.എൽ.എ.ആസ്തി വികസന ഫണ്ടിൽ നിന്നും നടപ്പിലാക്കിയ പദ്ധതികളിൽ എത്ര തുകയുടെ ടെണ്ടർ സേവിങ്ങ്സ് ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | |
| (ഡി) | ടെണ്ടർ സേവിങ്ങ്സ് തുക സമയബന്ധിതമായി എം.എൽ.എ.മാരെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ